## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 256 — 20/12/2012 -ൽ മറുപടിക്ക്

## കൗമാരക്കാരായ പെൺകുട്ടികൾക്കുള്ള കൗൺസിലിംഗ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. എം.എ. വാഹീദ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) കൗമാരക്കാരായ പെൺകുട്ടികൾക്ക് സംസ്ഥാനത്തെ സ്ക്കൂളുകളിൽ കൗൺസിലിംഗ് തുടങ്ങുവാനുള്ള പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. കൗമാരക്കാരായ പെൺകുട്ടികൾക്ക് കൗൺസിലിംഗ് നൽകുന്നതിനായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 500 സ്ക്കൂളുകളിൽ ''സൈക്കോ സോഷ്യൽ സർവ്വീസ് സ്ക്കീം'' എന്ന പദ്ധതി നടപ്പാക്കി വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ കിശോരി ശക്തി യോജന നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണ് വിദ്യാഭ്യാസ, ആരോഗ്യ വകുപ്പുകളുടെ സഹകരണത്തോടെ സാമൂഹ്യ നീതി വകുപ്പ് ഈ പദ്ധതി നടപ്പാക്കുന്നത്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് ഉണ്ടാകാവുന്ന മാനസിക പഠന സംബന്ധമായ പ്രശ്നങ്ങൾ തിരിച്ചറിയുക, സ്ത്രീത്വത്തിലേയ്ക്കുള്ള മാറ്റത്തിന്റെ പ്രാരംഭഘട്ടമെന്ന നിലയ്ക്ക് കൗമാരപ്രായക്കാരായ പെൺകുട്ടികളിൽ ഉണ്ടാകാവുന്ന ശാരീരിക മാറ്റങ്ങൾ തിരിച്ചറിയുവാൻ അവരെ സഹായിക്കുക, കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ പഠന മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഉന്നത വിജയം കരസ്ഥമാക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തുക, പഠന മേഖലയിൽ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികളെ കണ്ടെത്തി |

അതിനുള്ള ശാസ്ത്രീയമായ ഉപദേശങ്ങൾ നൽകി തിരികെ കൊണ്ടുവരുക, സാമൂഹിക ചൂഷണങ്ങളെ തിരിച്ചറിയുവാനും പ്രതിരോധിക്കുവാനുമുള്ള പ്രവർത്തനങ്ങൾക്ക് ശക്തി പകരുക. എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) ആരുടെ ആഭിമുഖ്യത്തിലാണ് ഈ സംവിധാനം സ്ക്കൂളുകളിൽ ഒരുക്കുന്നത്;

(ഡി) ഏതെല്ലാം ഏജൻസികളുടെ സേവനങ്ങളാണ് ഇതിനു വേണ്ടി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

(സി) ആന്റ് (ഡി)

വിദ്യാഭ്യാസ, ആരോഗ്യ വകുപ്പുകളുടെ സഹകരണത്തോടെ സാമൂഹ്യ നീതി വകുപ്പാണ് പദ്ധതി നടപ്പാക്കുന്നത്. സ്കൂൾ അധികൃതർ, പി.റ്റി.എ., തൃതല പഞ്ചായത്തുകൾ തുടങ്ങിയ ഏജൻസികളുടെ സഹകരണത്തോടെയാണ് സ്കൂൾ കൗൺസിലിംഗ് പ്രോഗ്രാം സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കി വരുന്നത്.

Sreedevi

സെക്ഷൻ ഓഫീസർ